(എ) ലോക്കൽ ഡവലപ്പ്മെൻറ് ജേലികൾ ഇൻറൈസ്റ്റഡ് പാർട്ടീസ് നടത്തുകയാണെങ്കിൽ മുന്നിലൊന്ന് ഉപേക്ഷിക്കണമെന്നുണ്ടോ;

(ബ) മുന്നിലൊന്ന് ഉപേക്ഷിച്ചതിനുശേഷവും, യഥാർത്ഥ എസ്റ്റിമേറ്റിൻറെ 15 ശതമാനം കൂടുതൽ ഇവർക്ക് കൊടുക്കുകയുള്ളോ;

(സി) ഈ നിയമം പുനഃപരിശോധിക്കുവാൻ ഗവണ്മെൻറ് വിചാരിക്കുന്നോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) അതെ.

(സി) ആലോചനയിലിരിക്കുന്നുണ്ട്.

സ്റ്റേറ്റ് സഹകരണബാങ്ക്.

✻ 116. [73] ശ്രീ. എൻ. പരമേശ്വരൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിനു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1955 ജൂൺ അവസാനം വരെ സ്റ്റേറ്റ് സഹകരണബാങ്കിൽ നിന്നും എത്ര കാലകാർഷികവായ്പയായും മദ്ധ്യകാലകാർഷികവായ്പയായും എത്ര സംഖ്യ കൊടുത്തിട്ടുണ്ട്; എത്ര സംഖ്യയ്ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

1955 ജൂൺ അവസാനം വരെ സ്റ്റേറ്റ് സഹകരണബാങ്കിൽ നിന്നും (1,13,155) ഒരുലക്ഷത്തിപതിമൂവായിരത്തിനൂറി അൻപത്തി അഞ്ച് ഉറുപ്പിക എത്രകാലവായ്പയായി കൊടുത്തിട്ടുണ്ട്. അതിനു (3,12,625) മൂന്നലക്ഷത്തിപന്തീരായിരത്തിഅറനൂറ് ഇരുപത്തഞ്ച് രൂപയ്ക്ക് അപേക്ഷകൾ ഉണ്ടായിരുന്നു. മദ്ധ്യകാലകാർഷികവായ്പകൾ ഇതുവരെ കൊടുത്തിട്ടില്ല.

Selection of Police Sub-Inspectors.

✻117. [75] SHRI R. PONNAPPA NADAR: Will the Minister for Law and Order be pleased to state:

(a) how many Police Sub-Inspectors were selected in 1955;

(b) how many candidates were called from the Hindu Nadar community;

(c) may I know the names of those persons and their qualifications;

(d) why is it that no Hindu Nadar was selected;

(e) was there an application from a person who was in service from the Police Department;

(f) why was he not selected;

LIBRARY ARCHIVES Kerala Legislative Assembly

(g) is there any disqualification for him;

(h) what is his academic qualification; and

(i) was his name recommended by the Public Service Commission ?

Answer.

Home Minister (SHRI A. J. JOHN) :

(a) 14.

(b) 1.

(c) M. Thiraviam Nadar, B. A & B. L.

(d) The candidate was not found suitable for the post.

(e) Yes.

(f) Vide answer to (d) above.

(g) Vide answer to (d) above.

(h) B. A and B. L.

(i) No.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളും റേഡിയോ സെറ്റുകളും.

* 118 [78] ശ്രീ. പി. നാരായണൻപോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സ്റ്റേറ്റിലെ എത്ര പഞ്ചായത്തുകൾക്ക് ഗവണ്മെൻറിൽ നിന്നും റേഡിയോ സെറ്റുകൾ നൽകിയിട്ടുണ്ട്;

(ബി) അവയുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ വിദഗ്ദ്ധന്മാരാരെങ്കിലും നിയുക്തരായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആര് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) : (എ) 201 പഞ്ചായത്തുകൾക്ക് റേഡിയോസെറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) & (സി) ഇവയുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ ഒരു റേഡിയോ സൂപ്പർവൈസറെ നിയമിച്ചിട്ടുണ്ട്.

പഞ്ചായത്ത് അതിർത്തികളിലുള്ള റോഡുകൾ.

* 119. [82] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് അതിർത്തികളിൽ പി. ഡബ്ലിയു. ഡി. വകയിൽനിന്നും നടത്താത്തുള്ള റോഡുകൾ അതാതു പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറിൽനിന്നു എതെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;